**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3276** **15-02-2024 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കുറുമാലി-തൊട്ടിപ്പാൾ-മുളങ്ങ് റോഡ്, ചെങ്ങാലൂർ-മണ്ണംപേട്ട-മാവിൻ ചുവട് റോഡ് എന്നീ പൊതുമരാമത്ത് റോഡുകളുടെ നവീകരണ പ്രവൃത്തികൾ നടപ്പാക്കുന്നതിൽ കരാറുകാർ കാലതാമസവും മനഃപൂർവ്വമായ അലംഭാവവും കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുറുമാലി - തൊട്ടിപ്പാൾ - മുളങ്ങ് റോഡിന്റെ നിർമ്മാണ പ്രവർത്തി നടത്തുന്ന കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് പ്രവർത്തി റീ അറേഞ്ച് ചെയ്യുന്നത് സംബന്ധിച്ച് നിലവിലുള്ള കോടതി വിധിക്കനുസരണമായി നടപടികൾ സ്വീകരിച്ചു വരുന്നു. തൈക്കാട്ടുശ്ശേരി റോഡിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പിടൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറക്ക് ഒറിജിനൽ പ്രവൃത്തി ചെയ്യാൻ കഴിയുന്നതാണ്.ചെങ്ങാലൂർ - മണ്ണംപേട്ട - മാവിൻചുവട് റോഡിൻറ ബി.സി. പ്രവൃത്തികളും ട്രാഫിക് സേഫ്റ്റി പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്.<br><br>മേൽ പ്രവൃത്തി ഉടൻ ആരംഭിച്ചില്ലെങ്കിൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. |
| (ബി) | പ്രസ്തുത റോഡുകളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും തൈക്കാട്ടുശ്ശേരി റോഡിന്റെ നവീകരണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ഇനിയും പ്രവൃത്തി തുടങ്ങാത്ത സാഹചര്യത്തിലും പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | കുറുമാലി - തൊട്ടിപ്പാൾ - മുളങ്ങ് റോഡിന്റെ നിർമ്മാണ പ്രവർത്തി നടത്തുന്ന കരാറുകാരനെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് പ്രവർത്തി റീ അറേഞ്ച് ചെയ്യുന്നത് സംബന്ധിച്ച് നിലവിലുള്ള കോടതി വിധിക്കനുസരണമായി നടപടികൾ സ്വീകരിച്ചു വരുന്നു. തൈക്കാട്ടുശ്ശേരി റോഡിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പിടൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറക്ക് ഒറിജിനൽ പ്രവൃത്തി ചെയ്യാൻ കഴിയുന്നതാണ്.ചെങ്ങാലൂർ - മണ്ണംപേട്ട - മാവിൻചുവട് റോഡിൻറ ബി.സി. പ്രവൃത്തികളും ട്രാഫിക് സേഫ്റ്റി പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്.<br><br>മേൽ പ്രവൃത്തി ഉടൻ ആരംഭിച്ചില്ലെങ്കിൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. |
| (സി) | മനഃപൂർവ്വമായി പ്രവൃത്തികളിൽ കാലതാമസവും | (സി) | പ്രവൃത്തികളിൽ അകാരണമായി കാലതാമസവും |

| | | | |
|---|---|---|---|
| | വീഴ്ചയും വരുത്തുന്ന കരാറുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ? | | വീഴ്ചയും വരുത്തുന്ന കരാറുകാർക്കെതിരെ SBD Condition പ്രകാരവും PWD Manual നിബന്ധനകൾ പ്രകാരവും ഉള്ള നപടികൾ സ്വീകരിക്കാറുണ്ട്. ഇത്തരം കരാറുകാർക്ക് പിഴ ചുമത്തുകയും കരാറുകാരെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി അവസാനിപ്പിച്ച് പുനർ ഏർപ്പാട് ചെയ്ത് പ്രവൃത്തി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ